ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

*ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)*
*വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!*

പുസ്തകം : 8 ലക്കം : 8

സൃഷ്ടി സംവത്സരം 1972949122 കലിവർഷം 5122 വൈദിക സൗരമാസം : മധു– മാധവം
ചാന്ദ്രമാസം : ചൈത്രം– വൈശാഖം, കൊല്ലവർഷം 1195 മീനം–മേടം 2020 മാർച്ച്

വാർഷിക വരിസംഖ്യ : ₹ 100/- ദീർഘകാലം : ₹ 1500/-



പണ്ഡിറ്റ് ലേഖ്റാം (1858 – 1897)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

മാർച്ച് 6 : പണ്ഡിറ്റ് ലേഖ്റാം രക്തസാക്ഷിദിനം
മാർച്ച് 19 : പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി സ്മൃതിദിനം
മാർച്ച് 23 : സർദാർ ഭഗത്സിംഗ്, സുഖ്ദേവ്, രാജഗുരു
എന്നിവരുടെ രക്തസാക്ഷിദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



മണ്ഡലം 1 സൂക്തം 10

മധുച്ഛന്ദാ ഋഷിഃ| ഇന്ദ്രോ ദേവതാ|ഭൂരിഗുഷ്ണിക് ഛന്ദഃ|
ഋഷഭഃ സ്വരഃ|

**ഏഹി സ്തോമാങ് അഭി സ്വരാഭി ഗൃണീഹ്യാരുവ|**
**ബ്രഹ്മ ച നോ വസോ സചേന്ദ്ര യജ്ഞം ച വർധയ||**

(ഋഗ്വേദം 1.10.4)

**പദാർഥം** :- അല്ലയോ (ഇന്ദ്ര) സ്തുതി ചെയ്യാൻ യോഗ്യനായ പരമേശ്വര! എപ്രകാരമാണോ വിദ്യയാൽ പരിപൂർണ്ണനായ ഒരു വിദ്വാൻ (സ്തോമാൻ) അങ്ങയുടെ സ്തുതികളുടെ അർത്ഥങ്ങളെ (അഭിസ്വര) യഥാവിധി സ്വീകരിക്കുകയും സ്വീകരിപ്പിക്കുകയും അഥവാ ചൊല്ലുകയും ചെയ്യുന്നത്, അതുപോലെ (നഃ) ഞങ്ങൾക്കും പ്രാപ്തമാക്കിയാലും. അതേപോലെ അല്ലയോ (വസോ) എല്ലാ പ്രാണികളേയും വസിപ്പിക്കുന്നവനും അവയിൽ വസിക്കുന്നവനുമായവനെ! കൃപ ചെയ്ത് ഇപ്രകാരം പ്രാപ്തമാക്കി (നഃ) ഞങ്ങളുടെ (സ്തോമാന്) വേദസ്തുതികളുടെ അർത്ഥത്തെ (സചാ) വിഞ്ജാനവും ഉത്തമകർമ്മങ്ങളുടെ സംയോഗവും ചെയ്യിപ്പിച്ച് (അഭിസ്വര) നന്നായി ഉപദേശിച്ചാലും. (ബ്രഹ്മ ച) അതേപോലെ വേദാർത്ഥത്തെയും പ്രകാശിപ്പിച്ചാലും. (യജ്ഞം ച) ഞങ്ങൾക്കായി ഹോമത്തിന്റെ ജ്ഞാനത്തേയും ശിൽപ്പവിദ്യാരൂപ ക്രിയകളെയും നിത്യവും വർദ്ധിപ്പിച്ചാലും.

**ഭാവാർത്ഥം** : ഈ മന്ത്രത്തിൽ ലുപ്തോപമാലങ്കാരമാണ്. ഏതൊരു പുരുഷനാണോ വേദവിദ്യയുടെ അഥവാ സത്യത്തിന്റെ സംയോഗത്താൽ പരമേശ്വരന്റെ സ്തുതി, പ്രാർത്ഥന, ഉപാസന എന്നിവ ചെയ്യുന്നത്, അയാളുടെ ഹൃദയത്തിൽ ഈശ്വരൻ അന്തര്യാമി രൂപത്തിൽ വേദമന്ത്രങ്ങളുടെ അർത്ഥത്തെ യഥാവിധി പ്രകാശിപ്പിച്ച് നിരന്തരം സുഖത്തെ പ്രകാശിപ്പിക്കുന്നു. ഇക്കാരണത്താൽ ഈ പുരുഷന്മാരിൽ വിദ്യയും പുരുഷാർത്ഥവും ഒരിക്കലും നഷ്ടപ്പെടുകയില്ല. (തുടരും)

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)**

**"സത്യത്തെ ഗ്രഹിക്കുന്നതിനും അസത്യത്തെ ത്യജിക്കുന്നതിനും എല്ലായ്പ്പോഴും മനുഷ്യർ തികഞ്ഞ ശ്രദ്ധ പുലർത്തണം."**

**- മഹർഷി ദയാനന്ദ സ്വരസ്വതി**

അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപപ്രഥാഃ (യജുർവേദം 38.17)

ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 8 ലക്കം 8

സൃഷ്ടി സംവത്സരം 1972949122 കലിവർഷം 5122 വൈദിക സൗരമാസം : മധു-മാധവം

ചാന്ദ്രമാസം : ചൈത്രം- വൈശാഖം കൊല്ലവർഷം : 1195 മീനം- മേടം 2020 മാർച്ച്



**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ** : കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

വി. ഗോവിന്ദദാസ്

**പത്രാധിപ സമിതി** : കെ.കെ. ജയൻ, അജിതഗണേഷ്, പാർവ്വതി കൃഷ്ണൻ

**വ്യവസ്ഥാപകൻ**: പി ശ്രീജേഷ്


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | 5 |
| മനുസ്മൃതി | 6 |
| പുരാണങ്ങൾ : സത്യവും, മിഥ്യയും | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| യോഗദർശനം | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| വ്യവഹാര ഭാനുഃ | 12 |
| മാപ്പിള | 13 |
| വൈദിക നിത്യകർമ്മവിധി | 14 |
| സൽസന്താനങ്ങളുടെ നിർമ്മാണം | 15 |
| ബൈബിൾ സ്വയംമാറ്റുരക്കുമ്പോൾ | 16 |
| Dayananda The Great | 17 |
| വേദപുഷ്പങ്ങൾ | 18 |



**വിലാസം**

ദായനന്ദ സന്ദേശം, ആര്യസമാജം

പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ

വെള്ളിനേഴി തപാൽ, പാലക്കാട് - 679 504

Ph : 7907077891, 9446017440

Email :dayanandasandesam@gmail.com

Vist Us : www.aryasmajkerala.org.in


# മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



'**ആ**രാണ് ഈശ്വരൻ' എന്ന ഈ ലേഖനത്തിന്റെ മുഖ്യ ഉദ്ദേശ്യം ഈശ്വരനെ അറിഞ്ഞ് അദ്ദേഹത്തെ സാക്ഷാത് കരിക്കാനുതകുന്ന പദ്ധതി എന്താണ് എന്നന്വേഷിക്കുകയാണ്.

ഈശ്വരൻ ഒന്നേയുള്ളൂവെന്നും അദ്ദേഹം വിവിധ നാമങ്ങളിൽ അറിയപ്പെടുന്നുവെന്നും പൊതുവെ പറയാറുണ്ട്. എന്നാൽ നേരത്തെ വിവരിച്ച പ്രകാരം ദൈവമെന്ന സങ്കല്പത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ഗുണ വിശേഷങ്ങളെക്കു റിച്ചും വ്യത്യസ്തമായ കാഴ്ച്ചപ്പാടുകളാണ് ഇന്ന് നിലവിലുള്ളത്. ഈശ്വരൻ മനുഷ്യ രൂപത്തിൽ അവതരിക്കുമെന്നും അല്ലെങ്കിൽ തന്റെ ദൂതൻമാരിലൂടെ ലോകത്തെ അടക്കി ഭരിക്കുമെന്നുമൊക്കെ വിവിധ സമ്പ്രദായക്കാർ വിശ്വസിക്കുന്നുണ്ട്. അവരുടെ മതഗ്രന്ഥങ്ങളിൽ തന്നെ പരസ്പര വിരുദ്ധമായ ഭാഗങ്ങൾ ഏറെയുണ്ടുതാനും.

ഈശ്വരൻ എന്ന സത്തയെക്കുറിച്ച് സത്യസന്ധവും യുക്തിസഹവുമായ

**അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)**

**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

അന്വേഷണം നടത്തുന്നതിനു പകരം അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും പ്രചരിപ്പിക്കുന്നത് ശരിയല്ല. ഈശ്വരനെ പൂർണ്ണമായി മനസ്സിലാക്കാൻ അല്പജ്ഞരായ മനുഷ്യർക്കാവില്ല എന്നത് നേരാണ്. എന്നിരുന്നാലും സൃഷ്ടിനിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കാൻ അദ്ദേഹത്തിനും കഴിയില്ല. സ്വന്തം മതഗ്രന്ഥത്തി ലെഴുതിയിരിക്കുന്ന വിശ്വാസങ്ങളും പദ്ധതികളും മാത്രം ശരിയെന്നും മറ്റെല്ലാവരുടെയും വിശ്വാസങ്ങൾ തെറ്റാണെന്നും സ്ഥാപിക്കാനാണ് പൊതുവെ ഏവരും ശ്രമിച്ചു കാണുന്നത്. വിശ്വാസികൾ എന്ന നിലയിൽ നാം അവിശ്വസനീയമായ പല അത്ഭുത കഥകളും ശരിയെന്നു കരുതുന്നു. ഹിന്ദുക്കളുടെ ഭാഗവതാദി പുരാണങ്ങളിലും ബൈബിൾ, ഖുർആൻ എന്നിവയിലുമൊക്കെ അത്തരത്തിൽ നിരവധി വർണ്ണനകളുണ്ട്. ഇവരിൽ ഓരോ വിഭാഗവും തങ്ങളുടെ ഗ്രന്ഥങ്ങളിലെ അസംഭവ്യമായ കാര്യങ്ങളിൽ വിശ്വസിക്കുകയും മറ്റുള്ളവരുടെ ഗ്രന്ഥങ്ങളിലേതിനെ ചോദ്യം ചെയ്യാൻ തൽപ്പരരുമാണ്. സ്വന്തം മതത്തിലെ ആചാരാനുഷ്ഠാനങ്ങൾ ശരിയെന്നും മറ്റുള്ളവരുടേത് തെറ്റെന്നും അവർ പരസ്പരം കുറ്റപ്പെടുത്തുന്നത് കാണാം.

നമുക്കെല്ലാം സ്വന്തം വിശ്വാസങ്ങൾ തെരഞ്ഞെടുക്കാനും സത്യത്തെ അടിസ്ഥാനമാക്കി ഈശ്വരനിൽ വിശ്വസിക്കാനും ആ വിശ്വാസം പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്. സ്വന്തം വിശ്വാസ പ്രമാണങ്ങൾ ശരിയാണോ എന്നു പരീക്ഷിച്ചറിഞ്ഞ് അതിലെ കുറവുകൾ കണ്ടെത്തി അവയെ തിരുത്തിക്കൊണ്ട് മുന്നോട്ടു പോയാൽ മാത്രമേ ഈശ്വര സാക്ഷാത്കാരത്തിലേക്കുള്ള നമ്മുടെ യാത്ര സഫലമാവുകയുള്ളൂ. അത്തരത്തിലുള്ള ഒരന്വേഷണം നമുക്ക് നടത്തി നോക്കാം. - **പത്രാധിപർ**

(തുടരും)

## ഈശ്വരൻ

ഈശ്വരൻ സച്ചിദാനന്ദസ്വരൂപനും നിരാകാരനും സർവ്വശക്തിമാനും ന്യായകാരിയും ദയാലുവും ജന്മമെടുത്തിട്ടില്ലാത്തവനും അനന്തനും നിർവ്വികാരനും അനാദിയും അനുപമനും സർവ്വാധാരനും സർവേശ്വരനും സർവവ്യാപിയും സർവാന്തര്യാമിയും അജരനും അമരനും ഭയമില്ലാത്തവനും നിത്യനും പവിത്രനും സൃഷ്ടികർത്താവുമാകുന്നു. കേവലം ആ ഈശ്വരൻ മാത്രമാണ് ഉപാസനക്ക് യോഗ്യൻ.

**മഹർഷി ദയാനന്ദ സരസ്വതി**

**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16. 41)**

**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

## അദ്ധ്യായം : 5 വേദവിഷയവിചാരഃ

**അ**തേ പോലെ സത്യധർമ്മത്തിന്റെ അനുഷ്ഠാനവും അതിനെ 'തപ' എന്നും പറയും - പരമേശ്വരപ്രാപ്തിക്കാണ്. അതുപോലെ ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം തുടങ്ങിയ ആശ്രമങ്ങളിലെ സത്യാച രണരൂപമായ കർമ്മങ്ങളും പരമേശ്വരന്റെ പ്രാപ്തി നേടാനാണ്. ഈ ബ്രഹ്മപ്രാപ്തിയുടെ ഇച്ഛക്കായി വിദ്വാൻമാർ പ്രയത്നം ചെയ്യുകയും അദ്ദേഹത്തിന്റെ ഉപദേശം നടത്തുകയും ചെയ്യുന്നു. നചികേതസും യമനുമായുള്ള പരസ്പര സംവാദത്തിൽ പറയുന്നു. "അല്ലയോ നചികേതാ! അവശ്യം പ്രാപി ക്കാൻ യോഗ്യമായ പരബ്രഹ്മത്തെക്കുറിച്ച് ഞാൻ നിനക്ക് സംക്ഷിപ്തമായി ഉപദേശിക്കാം. ആലങ്കാരിക കഥാരൂപത്തിൽ നചികേതാ എന്ന നാമത്തിൽ ജീവാത്മാവും യമൻ എന്നത് അന്തര്യാമിയായ പരമാത്മാവുമാണ് എന്നറിയണം. (അറിയണം എന്ന വാക്യം സംസ്കൃത പാഠഭാഗത്തില്ല)

(തത്രാപരാ...) വേദങ്ങളിൽ രണ്ടുതരത്തിലുള്ള വിദ്യയുണ്ട്. ഒന്ന് 'അപരാ'. രണ്ടാമത്തേത് 'പരാ' പൃഥിവിയിൽ പുല്ലു തൊട്ട് പ്രകൃതിപര്യന്തമുള്ള പദാർത്ഥ ങ്ങളുടെ ഗുണങ്ങളുടെ ജ്ഞാനം കൊണ്ട് അവയെ ശരിയായി അറിയണം. അതാണ് അപരാവിദ്യ. സർവ്വശക്തിമാനായ ബ്രഹ്മത്തെ യഥാവിധി പ്രാപിക്കാനു തകുന്നതാണ് പരാവിദ്യ. ഈ പരാവിദ്യ അപരാ വിദ്യയെക്കാളും അത്യന്തം ഉത്തമമാണ്. എന്തെന്നാൽ അപരാവിദ്യയുടെ ഉത്തമഫലം 'പരാ' ആണ് (വൈദികമതമനുസരിച്ച് പ്രാകൃത ജഗത്തിനെ ആരാണോ നന്നായി അറിയുന്നത് അയാൾ മുക്തിക്ക് അധികാരിയായിത്തീരുന്നു. അതിനാൽ വൈദികധർമ്മത്തിൽ ജ്ഞാനത്തിന്റെ മഹത്വത്തെക്കുറിച്ച് മഹത്തായ സ്തുതികൾ ഉണ്ട്. ഉപനിഷത്ത് പറയുന്നു. "ഋതേ ജ്ഞാനാന്നമുക്തി"। യജുർവേദത്തിൽ വിരാട്, പുരുഷൻ, പ്രജാപതി, ഹിരണ്യഗർഭൻ തുടങ്ങിയ നാമങ്ങളാൽ ആധിദൈവിക പക്ഷത്തിൽ പ്രാകൃതിക മഹദ് അണ്ഡത്തിനെയും അതിനാൽ നിർമ്മിതമായ ജഗത്തിനേയും മാത്രമേ വിദ്വാന് മൃത്യുവിന്റെ അതിക്രമണം ചെയ്യാനാവൂ.

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

"**മ**നുർവേ യൽകിഞ്ചാവദത് തദ് ഭേഷജം "

(തൈത്തിരീയ സംഹിത 2.2.10.2, 3.1.9.4,

താണ്ഡ്യബ്രാഹ്മണം 23.16.7)

**അർത്ഥം** : മനു പറഞ്ഞതൊക്കെ മാനവർക്ക് ഭേഷജം = ഔഷധം പോലെ മംഗളകാരിയും ഗുണകാരിയുമാണ്.

അക്കാലത്ത് മനുവിന്റെ ധർമ്മശാസ്ത്രങ്ങൾക്ക് സർവാധിക പ്രാമാണികത കണക്കാക്കിയിരുന്നുവെന്ന് വൈദിക ഗ്രന്ഥങ്ങളിലെ ഈ വചനങ്ങളിൽ നിന്ന് വ്യക്തമാവുന്നു. ധർമ്മനിശ്ചയത്തിൽ അവക്ക് സർവ്വോച്ച്യ മഹത്വമുണ്ടായിരുന്നു. ഒരേപോലെ നിരവധി ഗ്രന്ഥങ്ങളിൽ കാണുന്ന ഈ വാക്യത്തിൽ നിന്ന് മനുവിന്റെ ധർമ്മശാസ്ത്രം അക്കാലത്ത് ഏറെ ലോകപ്രിയത നേടിയിരുന്നുവെന്ന് മനസ്സിലാക്കാം. ഔഷധതുല്യം ഹിതകാരിയായ രൂപത്തിൽ അത് സ്വീകാര്യമായിരുന്നു. അതിനാലാണ് ഈ വിഷയത്തിൽ ഇത്തരത്തിലുള്ള ചൊല്ലുകൾ പ്രസിദ്ധമായിത്തീർന്നത്.

പുത്രനും പുത്രിക്കും സ്വത്തിൽ സമാനാധികാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നിരുക്ത ശാസ്ത്രത്തിൽ മഹർഷി യാസ്കൻ ഏതോ പ്രാചീന ഗ്രന്ഥത്തിലെ ശ്ലോകമനുസരിച്ച് മനുവിന്റെ അഭിപ്രായം പറയുന്നുണ്ട് (നിരുക്തം 3.4)

മനുവിന്റെ കാലം എന്ന തലക്കെട്ടിലുള്ള ഈ ഗ്രന്ഥത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ അർത്ഥസഹിതം ഈ ശ്ലോകം കൊടുത്തിട്ടുണ്ട്.

(തുടരും)

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

"**മ**നുർവേ യൽകിഞ്ചാവദത് തദ് ഭേഷജം "

(തൈത്തിരീയ സംഹിത 2.2.10.2, 3.1.9.4,

താണ്ഡ്യബ്രാഹ്മണം 23.16.7)

**അർത്ഥം** : മനു പറഞ്ഞതൊക്കെ മാനവർക്ക് ഭേഷജം = ഔഷധം പോലെ മംഗളകാരിയും ഗുണകാരിയുമാണ്.

അക്കാലത്ത് മനുവിന്റെ ധർമ്മശാസ്ത്രങ്ങൾക്ക് സർവാധിക പ്രാമാണികത കണക്കാക്കിയിരുന്നുവെന്ന് വൈദിക ഗ്രന്ഥങ്ങളിലെ ഈ വചനങ്ങളിൽ നിന്ന് വ്യക്തമാവുന്നു. ധർമ്മനിശ്ചയത്തിൽ അവക്ക് സർവ്വോച്ച്യ മഹത്വമുണ്ടായിരുന്നു. ഒരേപോലെ നിരവധി ഗ്രന്ഥങ്ങളിൽ കാണുന്ന ഈ വാക്യത്തിൽ നിന്ന് മനുവിന്റെ ധർമ്മശാസ്ത്രം അക്കാലത്ത് ഏറെ ലോകപ്രിയത നേടിയിരുന്നുവെന്ന് മനസ്സിലാക്കാം. ഔഷധതുല്യം ഹിതകാരിയായ രൂപത്തിൽ അത് സ്വീകാര്യമായിരുന്നു. അതിനാലാണ് ഈ വിഷയത്തിൽ ഇത്തരത്തിലുള്ള ചൊല്ലുകൾ പ്രസിദ്ധമായിത്തീർന്നത്.

പുത്രനും പുത്രിക്കും സ്വത്തിൽ സമാനാധികാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നിരുക്ത ശാസ്ത്രത്തിൽ മഹർഷി യാസ്കൻ ഏതോ പ്രാചീന ഗ്രന്ഥത്തിലെ ശ്ലോകമനുസരിച്ച് മനുവിന്റെ അഭിപ്രായം പറയുന്നുണ്ട് (നിരുക്തം 3.4)

മനുവിന്റെ കാലം എന്ന തലക്കെട്ടിലുള്ള ഈ ഗ്രന്ഥത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ അർത്ഥസഹിതം ഈ ശ്ലോകം കൊടുത്തിട്ടുണ്ട്.

(തുടരും)

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 4** **പുരാണങ്ങൾ സ്വയം മാറ്റുരയ്ക്കുമ്പോൾ**

"**എ**ന്തുകൊണ്ടെന്നാൽ ശാരീരിക സൂത്രം, യോഗശാസ്ത്രം മുതലായവയുടെ വ്യാസകൃത ഭാഷ്യം നോക്കുന്ന പക്ഷം അദ്ദേഹം ഒരു വലിയ വിദ്വാനും സത്യവാദിയും ധർമ്മപ്രിയനുമായ ഒരു യോഗിയായിരുന്നുവെന്നും തെളിയുന്നു. അദ്ദേഹം ഇപ്രകാരമുള്ള കള്ളക്കഥകൾ ഒരിക്കലും രചിച്ചിട്ടുണ്ടായിരിക്കില്ല. ഭാഗവതം മുതലായവ പോലെ കൽപ്പിതമായ ഗ്രന്ഥങ്ങൾ രചിച്ചവർക്ക് വ്യാസനിലുള്ള ഒരു ശതാംശം ഗുണം പോലുമില്ലായിരുന്നു. വേദശാസ്ത്രവിരുദ്ധവും അസത്യവുമായ ഗ്രന്ഥങ്ങൾ വേദവ്യാസനെപ്പോലുള്ളവർ ഒരിക്കലും രചിക്കുകയില്ല. സ്വാർത്ഥികളും അജ്ഞാനികളുമായിട്ടുള്ളവരാണ് അപ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്നത്. ഇതിഹാസം, പുരാണം എന്നെല്ലാം പറയുന്നത് ശിവപുരാണം മുതലായ ഗ്രന്ഥങ്ങൾക്കല്ല.

"ബ്രാഹ്മണാനിതിഹാസാൻ പുരാണാനികല്പാൻ ഗാഥാ നാരാശംസീരിതി"

ഇത് ബ്രാഹമ്ണങ്ങളിലും സൂത്രങ്ങളിലും എഴുതിയിട്ടുള്ള ഒരു ഭാഗമാണ്. ഐതരേയം, ശതപഥം, സാമം, ഗോപഥം മുതലായ ബ്രാഹ്മണങ്ങൾക്കു തന്നെ ഇതിഹാസം, പുരാണം, കല്പം, ഗാഥാ, നാരാശംസി എന്നിങ്ങനെ അഞ്ചു നാമങ്ങളുണ്ട്.

അദ്ദേഹം തുടർന്ന് പറയുന്നു. "ഈ ഭാഗവതാദി പുരാണങ്ങളുടെ കർത്താക്കൾ ഗർഭത്തിൽ വച്ചു തന്നെ എന്തുകൊണ്ട് നഷ്ടപ്പെട്ടില്ല? അഥവാ ജനിച്ചപ്പോൾ തന്നെ എന്തുകൊണ്ട് മരിച്ചില്ല! ഈ പോപ്പുമാരിൽ (വ്യാജപുരോഹിതർ) നിന്ന് രക്ഷ പ്രാപിച്ചിരുന്നുവെങ്കിൽ ആര്യാവർത്തം ദുഃഖസാഗരത്തിൽ അകപ്പെടില്ലായിരുന്നു."

ഭാഗവതപുരാണത്തെപ്പറ്റി മഹർഷി ദയാനന്ദൻ സത്യാർത്ഥപ്രകാശത്തിൽ സമുല്ലാസത്തിൽ പറയുന്നത് നോക്കുക. "ശ്രീകൃഷ്ണന്റെ ചരിത്രം മഹാഭാരതത്തിൽ എത്ര ഉത്തമമായിട്ടാണ് വർണിച്ചിരിക്കുന്നത്? അതിലെ കഥ നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ ഗുണവും കർമ്മവും സ്വഭാവവും ചരിത്രവുമെല്ലാം ആപ്ത പുരുഷന്മാർക്ക് തുല്ല്യമാണെന്ന് കാണാം."

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കു.*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

**അ**വിടെ എഴുതി വെച്ചത് ഇതാണ്-

ബ്രാഹ്മണൈസ്തു പ്രതിച്ഛന്നൗ രൗരവാജിനവാസിഭിഃ|
കൃച്ഛ്രേണാജഗ്മതുസ്തൗ തു, ഭീമസേന ധനഞ്ജയൗ ||
മഹത്യഥാ പരാഹ്ണ്ന് തു, ധനൈഃ സൂര്യ ഇവാവൃതഃ |
ബ്രാഹ്മണൈഃ പ്രാവിശത് തത്ര ജിഷ്ണുർ ഭാർഗവവേശ്മ തത്

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 189, ശ്ലോകം 41,47)

**ഭാവാർത്ഥം** : മൃഗചർമ്മത്തെ വസ്ത്രത്തിന്റെ രൂപത്തിൽ ധാരണം ചെയ്യുന്നവരായ ബ്രാഹ്മണരുടെ കൂട്ടത്തിൽ പെട്ടതിനാൽ ഭീമസേനനും അർജ്ജുനനും വളരെ വിഷമിച്ച് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയായിരുന്നു. ദിവസത്തിന്റെ മൂന്നാം യാമത്തിൽ മേഘങ്ങളാൽ മറയ്ക്കപ്പെട്ടപോലെ ബ്രാഹ്മണരുടെ തിരക്കിനിടയിൽപെട്ട അർജ്ജുനൻ അവിടെ നിന്ന് കുംഭാരന്റെ വീട്ടിലേക്ക് പ്രവേശിച്ചു. ഈ വാക്യത്തിൽ നിന്ന് വ്യക്തമാവുന്നത് അർജ്ജുനൻ ഒറ്റക്കായിരുന്നില്ല എന്നാണ്. അദ്ദേഹത്തിന്റെ കൂടെ ബ്രാഹ്മണരുടെ ഒരു കൂട്ടമുണ്ടായിരുന്നു. ഇത്രയും തിരക്കിൽപെട്ടു വരുന്ന അർജ്ജുനൻ ഭിക്ഷ വാങ്ങി വരികയാണെന്നു കരുതാമോ? ഇതു മനസ്സിലാവുന്നില്ല. പ്രത്യേകിച്ചും തന്റെ പുത്രന്മാർ സ്വയംവരത്തിനു പോയതായിരുന്നുവെന്നും ഭിക്ഷതേടി പോയതല്ലായിരുന്നുവെന്നും കുന്തിക്കറിയില്ലായിരുന്നുവോ? അതിനാലാണ് ദുര്യോധനൻ തുടങ്ങിയ കൗരവരാൽ ഉണ്ടാവാനിടയുള്ള അനർത്ഥങ്ങളെക്കുറിച്ച് ആശങ്കയും അവർക്കുണ്ടായത്.

ഭിക്ഷ തേടി കൃത്യമായി ദിവസവും പോവുമായിരുന്നുവെങ്കിൽ കൗരവരിൽ നിന്ന് വല്ല ആപത്തുകളുമുണ്ടാവുമെന്ന് കുന്തി ഒരിക്കലും ചിന്തിക്കുമായിരുന്നില്ല. പാണ്ഡവൻമാർക്കൊപ്പം ഇത്രയും വലിയ ബ്രാഹ്മണരുടെ കൂട്ടം ഉണ്ടായിരുന്നത് കുന്തിക്ക് കുംഭാരന്റെ വീട്ടിലിരുന്ന് അറിഞ്ഞില്ലെന്നോ? അത് കുംഭാരന്റെ വീടായിരുന്നോ, അതോ വലിയ കോട്ടയായിരുന്നോ?

(തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7. 23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

വണ്ടിക്കാരന് കാശു കൊടുത്തു വിട്ട് ഗെയ്റ്റ് കടന്നു നോക്കി. ആ ഗെയ്റ്റിന്റെ ഇരുവശത്തും ചെറിയ ചെറിയ റൂമുകളോടുകൂടിയ ക്വാർട്ടേഴ്സുകളുണ്ട്. ഗെയ്റ്റിന് തൊട്ട മുറിയുടെ കവാടത്തിൽ 'അതിഥി മന്ദിർ കാര്യാലയ്' എന്ന ബോർഡു കണ്ടു. മുറിക്കുള്ളിൽ ഖദർധാരിയായ ഒരു മാന്യൻ മേശക്കു പിന്നിൽ ഒരു പുസ്തകവും നോക്കിയിരിക്കുന്നു. അദ്ദേഹം ഭാരതീയ സംസ്കാരമനുസരിച്ച് ആതിഥേയദേവനായി, പുസ്തകം മേശപ്പുറത്തു വെച്ച് പുറത്തേക്കു വന്നു.

"ആരാ എവിടുന്നാ ഹേ മഹാശയ്! താങ്കളുടെ ശുഭനാമം? വരൂ, ഇരിക്കൂ..." ഒരു കസേര നീക്കിയിട്ട് പാച്ചനെ ആ മാന്യൻ വരവേറ്റു. (ശുദ്ധ ഹിന്ദിയിലായിരുന്നു സംഭാഷണം)

"എനിക്ക് ന്യൂദില്ലിയിൽ പോയി 5 മണിയ്ക്ക് മുമ്പ് ഒരു മാന്യദേഹത്തെ കാണേണ്ടതുണ്ട്. സാമാനങ്ങൾ ഇവിടെ വെച്ച് ഒന്നു കുളിച്ചിട്ടു പോകാൻ പറ്റുമോ അവിടെ പോയി ആളെ കണ്ടുവന്ന് സാധനങ്ങൾ ഒഴിവാക്കിക്കോളാം. എന്റെ പേര് പാച്ചൻ എന്നാണ്. ഞാൻ ബോംബയിൽ നിന്നാണ് വരുന്നത്. ഒരു കേരളീയനാണ്" പാച്ചൻ തന്നെ പരചയപ്പെടുത്തി.

"ഓ.... ആവാലോ, അതിഥികൾക്ക് കുളി മാത്രമല്ല ഭക്ഷണ സൗകര്യവുമുണ്ട്, ദാ, മണി പത്തല്ലേ ആയിട്ടുള്ളൂ. 12 മണിക്ക് ഭക്ഷണത്തിനുള്ള ബെല്ലടിക്കും. അപ്പോഴേക്കും കുളികഴിച്ചു വന്നോളൂ സാമാനങ്ങൾ ദേയ്... ഈ മുറിയിൽ വെച്ചോളൂ." ആതിഥേയൻ ഒരു മുറി തുറന്നു കൊടുത്തു.

അതിൽ സാമാനങ്ങൾ വെച്ച് ഷർട്ടൂരി ഹേംഗറി തൂക്കി, സഞ്ചിയിൽ നിന്ന് തോർത്തെടുത്ത് പാച്ചൻപുറത്തു കടന്നു വാതിൽപൂട്ടി. ആതിഥേയൻ കുളിമുറിയും മറ്റും കാണിച്ചുതന്നു. പാച്ചൻ സസുഖം കുളിച്ച് ഈറൻ മാറ്റി, ക്വാർട്ടേഴ്സ് എല്ലാം ഒന്ന് നടന്നു കണ്ടു. ഒന്നിലധികം ഭാഷക്കാരും ദേശക്കാരുമായി പരിചയപ്പെടാൻ സാധിച്ചു. ചക്രത്തിന്റെ വിവിധ ദിശകളിൽ നിന്നും വരുന്ന ആരങ്ങൾ ഒരേ അച്ചുതണ്ടിൽ വന്നു ചേരുന്നതുപോലെ, വേഷ-ഭൂഷഭക്ഷണാദി സഭ്യതാപരമായ വ്യത്യസ്തത പുലർത്തുന്നുണ്ടെങ്കിലും ആത്മീയതാപരമായ സംസ്കാരത്തിൽ വ്യത്യസ്തത കാണുന്നില്ല.

ബെൽ മുഴങ്ങി - ആതിഥേയൻ ഭോജനശാലയിലേക്ക് കൂട്ടിക്കൊണ്ടുപോയി ഒരു കിണ്ണം കയ്യിൽ തന്നു.

(തുടരും)

യന്തി പ്രമാദമതന്ദ്രാഃ (സാമം 721)

ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

(മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

"**യോ**ഗശ്ചിത്തവൃത്തി നിരോധഃ തദാ ദൃഷ്ടുഃസ്വരൂപേf്വസ്ഥാനമ് " എന്നീ രണ്ടു സൂത്രങ്ങങ്ങൾക്കും മഹർഷിദയാനന്ദൻ നൽകിയ അർത്ഥം വേദമന്ത്രങ്ങൾ, ഉപനിഷത്ത്, യോഗദർശനത്തിന്റെ വ്യാസഭാഷ്യം എന്നിവക്കനുകൂലമായാണ്. അദ്ദേഹം ഇങ്ങനെ എഴുതുന്നു.

"ഈ യോഗശാസ്ത്രം പാതഞ്ജല സൂത്രമാണ്. മനുഷ്യർ രജോഗുണ, തമോഗുണം എന്നിവയാൽ യുക്തമായ കർമ്മങ്ങളാലും മനസ്സിന് തടഞ്ഞുനിർത്തുന്നു. ശുദ്ധസത്ത്വഗുണയുക്തമായ കർമ്മങ്ങളാലും മനസ്സിനെ തടഞ്ഞു നിർത്തി ശുദ്ധസത്ത്വഗുണയുക്തമയമായിത്തീരുന്നു. പിന്നീടതിനെ നിരോധിച്ച് ഏകാഗ്രമായി അതായത് ഒരു പരമാത്മാവും ധർമ്മയുക്തമാർഗങ്ങളും ഇവയുടെ അഗ്രഭാഗത്തിൽ ചിത്തത്തെ പിടിച്ചുനിർത്തി നിരുദ്ധം അതായത് എല്ലാ ഭാഗത്തുനിന്നു മനസ്സിന്റെ വൃത്തിയെ തടയുക|| 1|| ചിത്തം ഏകാഗ്രവും നിരുദ്ധവുമാവുമ്പോൾ എല്ലാറ്റിന്റേയും ദൃഷ്ടാവായ ഈശ്വരസ്വരുപത്തിൽ ജീവാത്മവിന്റെ സ്ഥിതിയുണ്ടാവും."

(സത്യാർത്ഥപ്രകാശം ഒമ്പതാം സമുല്ലാസം)

ജീവാത്മാവ് കൈവല്ല്യത്തിൽ പരമേശ്വരന്റെ ആനന്ദം അനുഭവിക്കുന്നു. ഇപ്രകാരം യോഗി ശരീരത്തിൽ വസിച്ചുകൊണ്ട് അസംപ്രജ്ഞാത സമാധിയിൽ പരമേശ്വരന്റെ ആനന്ദത്തെ അനുഭവിക്കുന്നു. ജീവാത്മാമവിന് മോക്ഷാവസ്ഥയിൽ നിരവിഘ്നമായ ആനന്ദം പ്രാപ്തമാവുന്നു. എന്നാൽ ശരീരത്തിൽ വർത്തിക്കുമ്പോൾ വിഘ്നബാധകളുണ്ടാവാനിടയുണ്ട്. ഇതിൽ ഇത്രയും വ്യത്യാസമുണ്ട്.

ലോകത്തെല്ലാ മനുഷ്യരുടേയും സ്വാഭാവിക പ്രവൃത്തി നോക്കിയാൽ സമസ്ത ദുഃഖങ്ങളിൽ നിന്നും, ബന്ധനങ്ങളിൽ നിന്നും, പരാധീനതയിൽനിന്നും മുക്തമാവാനാഗ്രഹിക്കുകയും നിത്യാനന്ദത്തേയും മോക്ഷത്തേയും സ്വാതന്ത്ര്യത്തേയും പ്രാപിക്കാൻ ആഗ്രഹിക്കുന്നതായി കാണാം. അയാളുടെ ഈ രണ്ടു പ്രയോജനങ്ങളും വിശുദ്ധയോഗത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ഇവ നേടാൻ മറ്റൊരുപായവുമില്ല.

(തുടരും)

**ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)**

**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും**

(മുൻലക്കത്തിന്റെ തുടർച്ച)



# അഷ്ടാധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

| നമ്പർ | പ്രത്യാഹാര സൂത്രങ്ങൾ | പ്രത്യാഹാരങ്ങൾ | വർണ്ണങ്ങൾ | ഉദാഹരണം |
|---|---|---|---|---|
| 4 | ഐഔച് | 3. ഏച് | ഏ,ഓ,ഐ,ഔ | ഏചോ/യവായാവഃ (6.1.76) |
| | | 3. ഐച് | ഐ,ഔ | വൃദ്ധിരാദൈച് (1.1.1) |
| 5 | ഹയവരട് | 1. അട് | അ,ഇ,ഉ,ഋ,ഌ, ഏ,ഓ,ഐ,ഔ, ഹ,യ,വ,ര, | അ ട് കു പ്വാ ങ് നു മ് വ്യവായേ/പി (8.4.2) |
| 6 | ലണ് | 1. അണ് | അ,ഇ,ഉ,ഋ,ഌ, ഏ,ഓ,ഐ,ഔ, ഹ,യ,വ,ര,ല | അണുദിത് സവർണസ്യ ചാപ്രത്യയഃ (1.1.68) |
| | | 2. ഇണ് | ഇ,ഉ,ഋ,ഌ,ഏ ഓ,ഐ,ഔ,ഹ, യ,വ,ര,ല | ഇൺകോ(8.3.57) |
| | | 3. യണ് | യ,വ,ര,ല | ഇകോയണചി (6.1.75) |
| 7 | ഞമങണനമ് | 1. അമ് | അ,ഇ,ഉ,ഋ,ഌ, ഏ,ഓ,ഐ,ഔ, ഹ,യ,വ,ര,ല, ഞ,മ,ങ,ണ,ന | പുമഃ ഖയ്യമ്പരേ (8.3.6) |
| | | 2. യമ് | യ,വ,ര,ല,ഞ,മ,ങ, ണ,ന | ഹലോ യമാം യമി ലോപ : (8.4.63) |
| | | 3. ങമ് | ങ,ണ,ന | ങമോ ഹ്രസ്വാദചി ങമുണ് നിത്യമ് (8.3.32) |
| | | 4. ഞമ് | ഞ,മ,ങ,ണ,ന | ഞമന്താഡ് ഡഃ (ഉണാദികോഷം - 1.114) |

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10. 28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

വസ്ത്രം വാങ്ങാൻ വന്നയാൾ ചെരുപ്പൂരി വ്യാപാരിയെ അടിച്ചു. വ്യാപാരി തിരിച്ചും അടിച്ചു. അങ്ങനെ അവർ തമ്മിൽ അടിപിടിയായി.

**വ്യാപാരി** : "നിന്നെപ്പോലുള്ള ലക്ഷങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. നീ ഇവിടെ നിന്ന് കടന്നുപോയാലും"

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "നിന്നെപ്പോലുള്ള കള്ളക്കച്ചവടക്കാരെ കോടിക്കണക്കിന് ഞാൻ കണ്ടിട്ടുണ്ട്." ശണ്ഠ കേട്ട് അടുത്തുള്ളവരെല്ലാം തടിച്ചുകൂടി രണ്ടുപേരെയും പിടിച്ചുമാറ്റി. കള്ളത്തരമില്ലാതെ കച്ചവടം നടക്കില്ല എന്നവരും പറഞ്ഞു. വസ്ത്രം വാങ്ങാൻ വന്നയാളെ സമാധാനിപ്പിച്ച് വീട്ടിലേക്ക് പറഞ്ഞുവിട്ടു. ഇത്തരത്തിൽ കള്ളന്മാരാണ് സർവത്രയും.

## ധാർമ്മികരുടെ ഉദാഹരണം

**കക്ഷി** : " ഈ പട്ടിന് എന്താണ് വില?"

**വ്യാപാരി** : " അഞ്ഞൂറു രൂപ"

**ഉപഭോക്താവ്** : "ശരി എടുത്താലും."

**സത്യസന്ധനായ കച്ചവടക്കാരന്റെ അടുത്ത് അധർമ്മിയായ ഒരു കക്ഷി വന്നു**

**കക്ഷി** : " ഈ പട്ടിന് എന്താണ് വില"

**വ്യാപാരി** : " 250 രൂപ"

**കക്ഷി** : " ഇരുന്നൂറ് രൂപയ്ക്ക് തരാമോ"

**വ്യാപാരി** : "ഇവിടെ ഒറ്റവിലയേയുള്ളൂ കള്ളക്കച്ചവടം ഇല്ല"

**കക്ഷി** : " അൽപ്പമെങ്കിലും കുറച്ചു തരൂ"

**വ്യാപാരി** : "ഇവിടെ കള്ളക്കച്ചവടം ഇല്ല. കൂടുതൽ ഒന്നും എടുക്കേണ്ട. വേണമെങ്കിൽ വാങ്ങിച്ചാൽ മതി. അല്ലെങ്കിൽ തിരിച്ചു പോയ്ക്കോളൂ"

പട്ട് വാങ്ങാൻ വന്ന കക്ഷി മറ്റു കടകളിലെല്ലാം കയറിയിറങ്ങിയതിനുശേഷം അതേ കടയിൽത്തന്നെ തിരിച്ചെത്തി പട്ടും വാങ്ങി പോയി.

(ഖണ്ഡശ്ശഃയായി പ്രസിദ്ധീകരിച്ചു വന്ന ഈ ലേഖനം ഒരു പുസ്തക രൂപത്തിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതിനാൽ ഇവിടെ അവസാനിപ്പിക്കുന്നു)

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**

**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**

(മുൻ ലക്കത്തിന്റെ തുടർച്ച)



# മാപ്പിള

വീർവിനായക് ദാമോദർ സവർക്കർ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 1

### ആമുഖം (തുടർച്ച)

**1921**ലെ ലഹളകളിൽ മരണമടഞ്ഞ നിരപരാധികൾക്കും ധർമ്മ സംരക്ഷണത്തിനായി ബലിദാനം നടത്തിയ മഹാപുരുഷന്മാർക്കും വേണ്ടിയുള്ള ഒരശ്രുപൂജയായി ഈ ഗ്രന്ഥത്തെ സമർപ്പിക്കുന്നു.

**ഓം കൃണ്വന്തോ വിശ്വമാര്യം** (ഋഗ്വേദം 9.63.5)

എന്ന്
കെ.എം. രാജൻ
ആര്യപ്രചാരക്

സ്ഥലം : വെള്ളിനേഴി
തിയ്യതി : യുഗാബ്ദം 5121
പൗഷ കൃഷ്ണപഞ്ചമി
2019 ഡിസംബർ 16

### മാപ്പിള

ഭാരത വർഷത്തിലെ മനോഹരവും പാവനവുമായ പ്രദേശങ്ങളിലൊന്നായാണ് മലബാറിനെ കണക്കാക്കുന്നത്. പച്ചപ്പട്ടു വിരിച്ച സസ്യലതാദികളും വനങ്ങളും നിറഞ്ഞ പർവ്വതങ്ങളുടെ മാലകളും സ്വച്ഛസുന്ദരമായ ജലധാരയാൽ ഒഴുകി മനോഹരമായ വെള്ളച്ചാട്ടങ്ങളും ആഴമുള്ളവയാണെങ്കിലും ശാന്തസ്വാഭാവിയായ നദികളും വിപുലവും, ധാന്യങ്ങളാൽ നിറഞ്ഞവയുമായ കൃഷിയിടങ്ങൾ വളരെ ഉയർന്ന് ഒരു കുടപോലെ നിൽക്കുന്ന, നാളികേരങ്ങൾ നിറഞ്ഞ തെങ്ങുകൾ, കരിമ്പനകൾ തുടങ്ങിയ വൃക്ഷ നിരകളാൽ പരിപൂർണ്ണമായ ഈ പ്രദേശം കണ്ണിനും മനസ്സിനും ഒന്നിനൊന്നായി ആഹ്ളാദം പകരുന്നതായി തോന്നുന്നു.

ഇത്തരത്തിൽ മനോഹരമായ ഈ പ്രദേശത്ത് വിവിധ പ്രകാരത്തിലുള്ള ഫലങ്ങളാലും പുഷ്പങ്ങളാലും ചുറ്റപ്പെട്ട പർവ്വതമാലകളിലെ ഒരു പർവ്വത ശിഖിരത്തിലാണ് 'കുട്ടം' എന്നു പേരായ കൊച്ചു ഗ്രാമം. അവിടെ തെങ്ങുകളും ഫലവൃക്ഷങ്ങളും നിറഞ്ഞ വനത്തിൽ അഞ്ചാറു നമ്പൂതിരി ബ്രാഹ്മണരുടെ ഗൃഹങ്ങളുണ്ട്. അവിടെ നിന്ന് കുറച്ചകലെയായി പതിനഞ്ചോളം നായർ സമുദായാംഗങ്ങൾ താമസിക്കുന്ന വീടുകളാണ് . അതിനും കുറച്ചപ്പുറത്തായി അയിത്ത ജാതിക്കാർ താമസിക്കുന്ന ചെറിയ പ്രദേശമുണ്ട്.

(തുടരും)

**ധർമ്മം ചര (തൈ. ഉ. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**

(മുൻലക്കത്തിന്റെ തുടർച്ച)



# വൈദിക നിത്യകർമ്മവിധി എന്ത്, എന്തിന്?

കെ. എം. രാജൻ

പത്തൊാമ്പതാം നൂറ്റാണ്ടിൽ ജന്മമെടുത്ത ആര്യസമാജസ്ഥാപകനായ മഹർഷി ദയാനന്ദസരസ്വതിയുടെ ആഗമനം വരെ അതിനു കാത്തിരിക്കേണ്ടിവന്നു.

മാനവരുടെ അടിസ്ഥാനധർമ്മഗ്രന്ഥങ്ങളാണ് വേദങ്ങൾ. മറ്റൊന്നിനും വേദങ്ങളോളം പഴക്കമില്ല. അതിനാൽ ഏതു മതാനുയായികൾക്കും വേദങ്ങളെ തങ്ങളുടെ അടിസ്ഥാന ധർമ്മഗ്രന്ഥമായി അംഗീകരിക്കാം. എന്നാൽ സനാതനധർമ്മികൾ എന്നറിയപ്പെടുന്ന ഹിന്ദുക്കൾക്ക് തങ്ങൾക്കൊരു അടിസ്ഥാന മതഗ്രന്ഥവും അതിനെ ആസ്പദമാക്കി രൂപം നൽകിയ അനാദികാലം മുതൽ നിലനിന്നുവരുന്ന ഒരാചാര പദ്ധതിയുമുണ്ടെന്ന കാര്യം ഇന്ന് അജ്ഞാതമായിരിക്കുന്നു. പല കാരണങ്ങളും ഉണ്ടിതിന്. ദീർഘകാലത്തെ വിദേശവാഴ്ചയും അത് നമ്മിലേൽപിച്ച മാനസികാടിമത്ത്വവും മൂലം നാം അലസന്മാരായിരിക്കുകയായിരുന്നു. 'കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുക' എന്ന തത്വമനുസരിച്ച് പാരമ്പര്യം അവകാശപ്പെടാനില്ലാത്ത ആരൊക്കെയോ കടന്നുവന്ന് പറയുന്നു. "ബുദ്ധിയുള്ളവർ ഭാവിയിലേക്കാണ് നോക്കേണ്ടത് . കഴിഞ്ഞുപോയതിൽ എന്തിരിക്കുന്നു?" ഈ പറയുന്ന ആശയക്കാരുമൊത്ത് നമ്മിൽ പലരും തിടുക്കത്തിൽ ഭാവിയിലേക്ക് യാത്ര തുടങ്ങി.

പലരും കരുതുന്നതുപോലെ ഈ അപചയം മെക്കോളെ പ്രഭുവിന്റെ വിദ്യാഭ്യാസ പരിഷ്കരണം മുതൽക്ക് മാത്രമല്ല ആരംഭിച്ചത്. മഹാഭാരതയുദ്ധത്തിന്റെ അന്ത്യത്തിൽ തന്നെയിത് തുടങ്ങിയിരുന്നു. മഹാഭാരതകാലത്തിന്റെ അവസാനമായപ്പോഴേക്കും തന്നെ ആചാര്യപരമ്പര ലോപിച്ചു തുടങ്ങിയിരുന്നു.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

(മുൻലക്കത്തിന്റെ തുടർച്ച)



# സൽസന്താനങ്ങളുടെ നിർമ്മാണം

അജിതഗണേഷ്

**മേൽ** വിവരിച്ച ചരകസംഹിതയിൽ പറയുന്നു "യഥാ ഹിബീജമനുപതപ്തം തപ്തം സ്വാം സ്വാം പ്രകൃതി മനുവിധീയതെ വ്രീഹിർവാ വ്രീഹിത്വം യവോ വാ യവത്വം തഥാ സ്ത്രീപുരുഷാ വപിയഥോക്തം ഹേതുവിഭാഗ മനുവിധീയതെ " അതായത് ഉത്തമമായ വിത്തുകൾ നട്ടാൽ മാത്രമേ നല്ല ധാന്യങ്ങൾ വിളയുകയുള്ളൂ. വ്രീഹി (നെല്ല്) നട്ടാൽ വ്രീഹിയും യവം നട്ടാൽ യവവും ഉണ്ടാകുന്നത് എപ്രകാരമാണോ അതേപോലെ സ്ത്രീ-പുരുഷന്മാരുടെ രജ -വീര്യങ്ങൾക്കനുസരിച്ചാണ് സന്താനങ്ങളുണ്ടാവുക. അതിനാൽ ഗർഭാധാനത്തിനു വളരെ മുമ്പ് മാതാപിതാക്കൾ സാത്വിക ഭക്ഷണവും ജീവിതചര്യയും ആചരിക്കണം. കുട്ടിയുടെ ബുദ്ധിയും ബലവും വർധിക്കാൻ ഇത് ആവശ്യമാണ്. യൂറോപ്പിൽ നടത്തിയ ഒരു നിരീക്ഷണത്തിൽ നിന്ന് കണ്ടെത്തിയത് ആഗസ്റ്റ്- ഒക്ടോബർ മാസങ്ങൾക്കിടയിൽ ജനിച്ച കുഞ്ഞുങ്ങൾ ബുദ്ധിമാന്ദ്യവും വികൃതബുദ്ധിയും അൽപായുസ്സുമുള്ളവരായി കാണപ്പെട്ടു. നവംബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ അവിടങ്ങളിൽ കടുത്ത തണുപ്പായതിനാൽ മദ്യപാനം കൂടുതലാണ്. ഭക്ഷണത്തിലും താമസപദാർത്ഥങ്ങൾ ഏറെ ഉപയോഗിക്കും. ഇതിന്റെ ഫലമായി ഈ സമയത്ത് ഗർഭാധാനം നടന്നുണ്ടായ കുട്ടികളിൽ മേൽപറഞ്ഞ ന്യൂനതകൾ കാണുന്നത് സ്വാഭാവികമാണ്.

സ്ത്രീകളുടെ ഋതുകാലത്തിനും വളരെ പ്രാധാന്യമുണ്ട് രജോദർശനത്തിന് ശേഷം അഞ്ചാം ദിവസം മുതൽ പതിനാറാം ദിവസം വരെയാണ് ഗർഭാധാനത്തിനു യോജിച്ച സമയമെന്ന് ആയുർവേദം പറയുന്നു.

(തുടരും)

സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)
ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.

(മുൻലക്കത്തിന്റെ തുടർച്ച)



## ബൈബിൾ സ്വയം മാറ്റുരയ്ക്കുമ്പോൾ

# സത്യം അറിയുക. സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8.32)

സത്യകാമൻ

**കോ**പ്പർ നിക്കസ്സിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു എന്നതായിരുന്നു ഗലീലിയോയിൽ ചുമത്തപ്പെട്ട കുറ്റം. കുറ്റം ഏറ്റുപറയുന്നതായി നിർബന്ധിച്ച് വഴിപ്പെടുത്താനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ ഗലീലിയോയെ ജീവപര്യന്തം വീട്ടുതടങ്കലിലാക്കി. ക്രിസ്തുമതത്തിന്റെ ചരിത്രം പരിശോധിച്ചാൽ ശാസ്ത്രത്തെ ഇത്രമാത്രം ചവിട്ടുമെതിച്ചിട്ടുള്ള മറ്റൊരു മതമില്ല. എന്നാലും എല്ലാ ശാസ്ത്രവും തങ്ങളുടെ മതഗ്രന്ഥത്തിലുണ്ടെന്നാണ് മതപരിവർത്തന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തട്ടിവിടുന്ന നുണ. ശാസ്ത്രസത്യം അംഗീകരിക്കാൻ ഇനിയും നിർവ്വാഹമില്ലാത്ത അവസ്ഥയിൽ 1992 ഒക്ടോബർ 31ന് വത്തിക്കാനിലെ പോപ്പ് ജോൺ പോൾ രണ്ടാമൻ പ്രഖ്യാപിച്ചത് ഇങ്ങനെയാണ്. "ഗലീലിയോയുടെ കേസ് അവസാനിച്ചിരിക്കുന്നു."

മനുഷ്യനെ അടിച്ചമർത്താൻ എക്കാലവും ശ്രമിച്ചിട്ടുള്ളവരാണ് ക്രിസ്ത്യൻ മിഷനറിമാർ. ദൈവം നൽകിയ ചിന്താ സ്വാതന്ത്ര്യം ഉപയോഗിച്ച് പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച് പഠനം നടത്തുകയും അതിലൂടെ ബോധ്യമായ കാര്യങ്ങൾ തുറന്നു പറയുകയും ചെയ്തതിന്റെ പേരിൽ ആൾക്കൂട്ടത്തിന്റെ എണ്ണബലവും സ്വാധീനത്തിന്റെ തിണ്ണബലവും അധികാരത്തിന്റെ ഇരുമ്പു മുഷ്ടിയുമുപയോഗിച്ച് എത്രയെത്ര ഗ്രന്ഥ ശേഖരങ്ങൾ നിങ്ങൾ ചുട്ടുചാമ്പലാക്കി? എത്രയെത്ര ധിഷണാശാലികളെ ഭീകരമായ ശിക്ഷവിധിച്ച് കൽത്തുറങ്കുകളിലടച്ചു. ആധുനികകാലത്തുപോലും നിങ്ങളുടെ ദുഷ്ചെയ്തികൾക്ക് എതിര് നിൽക്കുന്നവരോ അനുകൂലിക്കാത്തവരോ ആയ എത്രയെത്ര നിർദോഷികൾ അകാലമരണത്തിനിടയായിട്ടുണ്ട്? നിങ്ങൾക്കിത് നിഷേധിക്കാനാകുമോ?

പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ഡാർവിൻ തന്റെ മരണസമയം പശ്ചാത്തപിച്ചെഴുതിയതെന്നവകാശപ്പെടുന്ന ലഘുലേഖകൾ മതപരിവർത്തന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഇപ്പോഴും വിതരണം ചെയ്യുന്നുണ്ട്.

(തുടരും)

**പാവകവർണ്ണാഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

*(Cont'd from last issue)*



# Dayananda The Great

Ved Mitra

## Preamble

Why? why Dayananda was always successful? This is the question. Here goes the answer.

Dayananda was successful because he was the voice of the Vedas. His was the vision of the Vedas. His was the eye of the Vedas. His was the tought of the Vedas.

He never believed in dogmas and dogmatism, just like other sectarian Acharyas- Shankara, Ramanuja, Madhava and Vallabha etc. These sectarian Acharyas preached their own individual thoughts and emotions in the name of religion and philosphy. And, as such they have polluted and desecrated the entire range of the Vedic literature.

It was the eye of Dayananda that perceived this particular mischief played by these Acharyas and declared aloud from the top of his voice that the Vedas are quite free from dogmas and dogmatism. The Vedas are the Divine revelation unto humanity by Almighty God, whose name be exalted and whose perfection be extolled.

My most beloved readers! Here in India or abroad! I would like to impress upon you that the most outstanding feature of Dayananda was that he never belived in any sort of mental creations, human imaginations and individual thoughts. He never advocated his own ways and means. This is the secret of his grand success. He belived in the Vedas and he preached the wisdom of the Vedas alone. No mixture at all. No hotchpotch at all.

His works are, therefore, free from personal emotions, individual thoughts and ideology. (To be continued)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

(മുൻലക്കത്തിന്റെ തുടർച്ച)




# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

വീണ്ടും അടുത്ത മന്ത്രത്തിൽ ഇതാവർത്തിക്കുന്നു.

ഇദം മേ ഇത്യസ്യ ശ്രീകാമ ഋഷിഃ।വിദ്യദ്രാജാനൗ

ദേവതേ।അനഷ്ടുപ്ച്ഛന്ദഃ।ഗാന്ധാര സ്വരഃ।

ഇദം മേ ബ്രഹ്മ ച ക്ഷത്രം ചോഭേ ശ്രിയമശ്നുതാം।

മയി ദേവാ ദധതു ശ്രിയമുത്തമാം തസ്യൈ തേ സ്വാഹാ॥

(യജുർവേദം 32.16)

**അന്വയവും ഭാവാർത്ഥവും** : അങ്ങയുടെ കൃപ കൊണ്ടും ഹേ വിദ്വാനായ മനുഷ്യ! നിന്റെ പ്രാർത്ഥന കൊണ്ടും (സ്വാഹാ) സത്യാചരണ രൂപത്തിലുള്ള ക്രിയ മുഖേന (മേ) എന്റെ (ഇദം) ഈ (ബഹ്മ ച) വേദേശ്വരന്റെ വിജ്ഞാനവും അഥവാ ഇവയുടെ ജ്ഞാതാവായ പുരുഷനും (ക്ഷത്രം ച) രാജ്യവും ധനുർവേദ വിദ്യയും ക്ഷത്രിയകുലവും ഈ (ഉഭേ) രണ്ടു പേരും (ശ്രിയം) രാജ്യലക്ഷ്മിയെ (അശ്നുതാം) പ്രാപ്തമാക്കട്ടെ. (ദേവാഃ) വിദ്വജ്ജനങ്ങൾ (മയി) എനിക്കായിക്കൊണ്ട് (ഉത്തമാം) അതിശ്രേഷ്ഠമായ (ശ്രിയം) ശോഭയെ അഥവാ ലക്ഷ്മിയെ (ദധതു) ധാരണം ചെയ്യുന്നതുപോലെ ഹേ ജിജ്ഞാസുക്കളായവരെ! (തേ) നിങ്ങൾക്കു വേണ്ടിയും (തസ്യൈ) ആ ശ്രീയ്ക്കുവേണ്ടി ഞങ്ങൾ പ്രയത്നിക്കുന്നവരാകട്ടെ.

പരമേശ്വരാജ്ഞയെ പാലിക്കുകയും വിദ്വജ്ജനങ്ങളുടെ സേവാസൽക്കാരങ്ങൾ മുഖേന എല്ലാ മനുഷ്യരുടെയുമിടയിൽ നിന്ന് ബ്രാഹ്മണ ക്ഷത്രിയ സ്വഭാവികളെ തെരഞ്ഞെടുത്ത് അവരെ സുന്ദരമായ ശിക്ഷണം കൊണ്ടും, വിദ്യാദി സൽഗുണങ്ങൾ കൊണ്ടും സമ്പന്നരാക്കി എല്ലാവരുടെയും ഉന്നതിക്കു വേണ്ട സംവിധാനം ചെയ്ത് സ്വന്തം ആത്മാവിനെപ്പോലെ എല്ലാവരിലും വർത്തിക്കുന്ന മഹാത്മാക്കൾ സർവർക്കും പൂജിക്കാൻ പറ്റിയവരായിത്തീരുന്നു.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

**ദയാനന്ദ സന്ദേശം ഉടമസ്ഥതയും വിശദാംശങ്ങളും സംബന്ധിച്ചുള്ള സ്ഥിതിവിവരം (1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമപ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്.**

## ഫോറം IV

| | | |
|---|---|---|
| 1. പ്രസിദ്ധീകരിക്കുന്ന സ്ഥലം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം |
| 2. പ്രസിദ്ധീകരണ സ്വഭാവം | - | മാസിക |
| 3. അച്ചടിക്കുന്ന ആളിന്റെ പേര് | - | കെ.എം.രാജൻ |
| ഭാരതീയനാണോ | - | അതെ |
| മേൽവിലാസം | - | ആര്യസമാജം ,പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം |
| 4. പ്രസാധകന്റെ പേര് | - | കെ.എം.രാജൻ |
| ഭാരതീയനാണോ | - | അതെ |
| മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം |
| 5. പത്രാധിപരുടെ പേര് | - | കെ.എം.രാജൻ |
| മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം |

6. പത്രത്തിന്റെ ഉടമസ്ഥയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ, പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരും മേൽവിലാസവും- ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി പി.ഒ, പാലക്കാട് - 679 504, കേരളം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചു കൊള്ളുന്നു.

സ്ഥലം : വെള്ളിനേഴി
തിയ്യതി : 10.03.2020

ഒപ്പ്
**കെ.എം. രാജൻ, പ്രസാധകൻ**

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**

**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/03/2020
RNI NO. KERMAL/2013/53849
REGISTERED NO. OTTAPALAM/5/2020-23

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. സത്യാർത്ഥ പ്രകാശം എന്ത്? എന്തിന്? - കെ.എം.രാജൻ - Rs. 10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
8. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs. 200.00
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
11. വേദ പ്രകാശം പാഠാവലി - കെ.എം.രാജൻ - Rs. 40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ - Rs. 60.00
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
18. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

(പോസ്റ്റേജ് ചെലവ് പുറമെ)

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

Email: dayanandasandesam@gmail.com Phone: 7907077891, 9562529095